# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6915 — 13.07.2012 ൽ മറുപടിയ്ക്ക്

## ഭാരതപ്പുഴ, ചാലിയാർ, പമ്പാ നദീതട വികസനം

ചോദ്യം : ശ്രീ. കെ. വി. വിജയദാസ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) ജലസ്രോതസ്സുകളുടെ ലഭ്യതയും ഫലപ്രദമായ വിനിയോഗത്തിനുമായി 2012-13-ലെ ബജറ്റിൽ 13 കോടി രൂപ വകയിരുത്തിയ ഭാരതപ്പുഴ, ചാലിയാർ, പമ്പാനദീതട വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(എ) ജലസ്രോതസ്സുകളുടെ സുസ്ഥിരതയും ഫലപ്രദമായ വിനിയോഗത്തിനുമായി നദീതട അടിസ്ഥാനത്തിൽ നദീതീര വികസനത്തിനായി ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നിവയുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനായി യഥാക്രമം, 1222, 950, 807, 499 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

പമ്പ/ഭാരതപ്പുഴ/പെരിയാർ/കരമന-കിള്ളി ജലമലിനീകരണത്തിനെതിരെയുള്ള പൊതുജനബോധവത്കരണ പ്രവർത്തനങ്ങൾ, നദീതീര വനവത്കരണം, മാലിന്യലഘൂകരണം, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം, കുടിവെള്ള പൈപ്പുകളും, മാലിന്യ മൊഴുകുന്ന പൈപ്പുകളും മാറ്റി സ്ഥാപിക്കൽ, മഴവെള്ള നിയന്ത്രണവും സംഭരണവും തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ ചാലിയാറിലും അനുബന്ധ പോഷകനദികളിലുമായി വിവിധ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ ചാലിയാറിനു കുറുകെ പൂക്കോട്ടുമണ്ണയിൽ റഗുലേറ്റർ നിർമ്മാണം, വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ കലക്കൻ പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം, മമ്പാട് പഞ്ചായത്തിലെ മുണ്ടിയൻ തോടിന് കുറുകെ ചെക്ക് ഡാം നിർമ്മാണം, മമ്പാട് പഞ്ചായത്തിലെ ഒടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്, നിലമ്പൂർ മുൻസിപ്പാലിറ്റിയിൽ കുതിരപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം, ചാലിയാർ ഗ്രാമപഞ്ചായത്തിൽ കുതിരപ്പുഴയ്ക്ക് കുറുകെ VCB Cum Bridge, നിലമ്പൂർ മുൻസിപ്പാലിറ്റിയിൽ രാമൻകുന്ന് വളയം കടവിൽ

| | |
|---|---|
| | കതിരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിനാണ് അംഗീകാരം ലഭിച്ചത്. |
| (ബി) ഭാരതപ്പുഴ നദീതട വികസന പദ്ധതിയിലൂടെ ജലസ്രോതസ്സുകളുടെ ലഭ്യതയും വിനിയോഗവും എപ്രകാരം ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുകയെന്ന് വ്യക്തമാക്കുമോ ? | (ബി) ഭാരതപ്പുഴ നദീതടവികസന പദ്ധതിയിലൂടെ ജലലഭ്യത വർദ്ധിപ്പിക്കാനും ജലമലിനീകരണം തടയാനും, പാരിസ്ഥിതിക സന്തുലനാവസ്ഥ മെച്ചപ്പെടുത്താനും കഴിയും. പറളി മുതൽ പൊന്നാനി വരെയുള്ള നദീഭാഗമാണ് ഈ സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതു വഴി കുടിവെള്ള സ്രോതസ്സുകൾ മെച്ചപ്പെട്ട അവസ്ഥ കൈവരിക്കും. മാത്രമല്ല പാലക്കാട് ജില്ലയിലെ പാലക്കാട് മുൻസിപ്പാലിറ്റി, അകത്തേത്തറ, മലമ്പുഴ, പുതുപരിയാരം, പുതുശ്ശേരി, മരുതറോഡ് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾക്കും ഗുണം ലഭിക്കും. |

സെക്ഷൻ ഓഫീസർ